"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ - ജീവനക്കാര്യം - താത്കാലിക അടിസ്ഥാനത്തിൽ 2 ഡേറ്റ എൻടി ഓപ്പറേറ്റർ തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.68/2024/H&FWD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-
1. സ.ഉ. (കൈ) നം.163/2023/ആ.കു.വ. തീയതി 21.07.2023.
2. കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 11.08.2023 തീയതിയിലെ ഇ/20297/2016/എൻ.സി. നമ്പർ കത്ത്.
3. കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 18.12.2023, 20.12.2023 തീയതികളിലെ ഇ/20297/2016/എൻ.സി. നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള നേഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിലിൽ 4 ഡേറ്റ എൻടി ഓപ്പറേറ്റർ തസ്തികകൾ ഒരു വർഷത്തേക്ക് താത്കാലികമായി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, കൗൺസിലിലെ നിലവിലെ ജോലിഭാരവുമായി താരതമ്യപ്പെടുത്തുമ്പോൾ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ അപര്യാപ്തമാണെന്നും അധിക തസ്തികകൾ അനുവദിക്കണമെന്നുമാവശ്യപ്പെട്ട് രജിസ്ട്രാർ പരാമർശം 2 പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ-ലെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്തും ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്തും സാമ്പത്തിക ബാധ്യത സർക്കാർ വഹിക്കില്ലെന്ന വ്യവസ്ഥയിൽ, 2 ഡേറ്റ എൻടി ഓപ്പറേറ്റർ തസ്തികകൾ, താത്കാലിക അടിസ്ഥാനത്തിൽ, ഒരു വർ ഷകാലയളവിലേക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിബന്ധനയോടെ, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ (ഹെൽത്ത് ബി) വകുപ്പ് (28.11.2023 തീയതിയിലെ 2447541/HLT-B1/84/2023-FIN പ്രകാരം)

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Prijith G.
Date: 15-03-2024 16:48:02

സെക്ഷൻ ഓഫീസർ

പകർപ്പ് - ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.